(ബി) ജനസംഖ്യയിൽ എത്ര ശതമാനം മനോരോഗികളും ഉണ്ടെന്നാണു കണക്കു ;

(സി) മനോരോഗ ചികിൽസക്കായി എല്ലാ താലൂക്കു ആശുപത്രികളിലും സൗകര്യം ഏർപ്പെടുത്തുമോ ;

(ഡി) രോഗികളോടുള്ള ജീവനക്കാരുടെ സമീപന രീതിയിൽ മാറ്റം വരുത്താനായി അവർക്കു പ്രത്യേക പരിശീലന പരിപാടി നടപ്പാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 370-ഓളം പുരുഷൻമാരും 180-ഓളം സ്ത്രീകളും ചികിൽസയിൽ കഴിയുന്നു. ഏതാണ്ടു അതേ തോതിലും, അനുപാതത്തിലും രോഗികളും തൃശ്ശൂരും കോഴിക്കോട്ടും ഉണ്ടു.

(ബി) ഒരു ശതമാനം

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണു.

(ഡി) തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽ ഇതിനുള്ള പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണു. തൃശ്ശൂരും കോഴിക്കോട്ടും പരിശീലനം നൽകാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. തൃശ്ശൂരിൽ ഈ പരിശീലനം തുടങ്ങിയിട്ടുണ്ടു.

പേ വിഷബാധമൂലം മരിച്ചവർ

1539. [2305] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിലും 1986-87 വർഷത്തിൽ 25-10-1986 വരെയും സംസ്ഥാനത്തു പേപ്പട്ടിവിഷം മൂലം എത്രപേർ മരിച്ചു ;

(ബി) പേപ്പട്ടി വിഷബാധയ്ക്കുള്ള മരുന്നു കുത്തിവച്ചതിനുശേഷം മരിച്ചവർ എത്ര ;

(സി) പേപ്പട്ടി വിഷത്തിനു കുത്തിവയ്ക്കാനുള്ള മരുന്നുകളും ഇല്ലാത്ത എത്ര ആശുപത്രികളും സംസ്ഥാനത്തുണ്ടു ;

(ഡി) എല്ലാ ആശുപത്രികളിലും ആവശ്യത്തിനുള്ള മരുന്നു എത്തിക്കാൻ ഗവൺമെന്റു നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) 1985-86-ൽ 13 പേർ. 1986-87-ൽ 25-10-1986 വരെ 21 പേർ.

(ബി) മൂന്നുപേർ മരിച്ചതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ടു.

(സി) ആവശ്യാനുസരണം കുത്തിവയ്പിനുള്ള മരുന്നു സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വിതരണം ചെയ്യുന്നുണ്ടു.

(ഡി) എല്ലാ ആശുപത്രികളിലും പേപ്പട്ടി വിഷത്തിനെതിരായ കുത്തിവയ്പിനുള്ള മരുന്നു വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടു.

ചാത്തമംഗലം പഞ്ചായത്തിൽ അലോപ്പതി ആശുപത്രി

1540. [2307] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചാത്തമംഗലം പഞ്ചായത്തിലെ 10-ാം വാർഡിൽ നെച്ചൂളി പ്രദേശത്തു 1981-ൽ നാട്ടുകാർ ഗവൺമെന്റിനു വിട്ടുകൊടുത്ത ഒരേക്കർ സ്ഥലത്തു ഒരു അലോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം എത്രത്തോളമായെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പ്രവർത്തനം ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

സംസ്ഥാനത്തെ നഴ്സിംഗ് സ്കൂളുകൾ

1541. [2308] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിലും പൊതുമേഖലയിലുമായി 31-10-1986-ൽ എത്ര നഴ്സിംഗ് സ്കൂളുകൾ ഉണ്ട് ;

(ബി) ഈ സ്കൂളുകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് ഏതുവിധമാണ് ; സ്വകാര്യമേഖലയിൽ സംവരണതത്വം പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഈ സ്ഥാപനങ്ങളിൽ നിന്നെല്ലാം എത്ര വിദ്യാർത്ഥികൾ ഒരു വർഷം പുറത്തുവരുന്നുണ്ട് ;

(ഡി) ഈ വർഷം സ്വകാര്യമേഖലയിൽ പുതിയ നഴ്സിംഗ് സ്കൂളുകൾക്ക് അനുവാദം നൽകാൻ നിർദ്ദേശങ്ങളുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അക്കാര്യത്തിലുള്ള വിശദവിവരങ്ങൾ പറയാമോ ;

(എഫ്) സ്വകാര്യ നേഴ്സിംഗ് സ്കൂൾ പ്രവേശനത്തിന് പണം ആവശ്യപ്പെടുന്നുവെന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ജി) യോഗ്യതയുടെ അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ച് സ്വകാര്യ നഴ്സിംഗ് പരിശീലനത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള സംവിധാനം നടപ്പിലാക്കാമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യമേഖലയിൽ 50-ും പൊതുമേഖലയിൽ 9-ും ആയി ആകെ 59 നഴ്സിംഗ് സ്കൂളുകൾ സംസ്ഥാനത്തുണ്ട്.

(ബി) സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ പ്രീസിഗ്രി മാർക്കിൻെറയും ശാരീരികവും ആരോഗ്യപരവുമായ യോഗ്യതയുടെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. സ്വകാര്യ സ്കൂളുകളിൽ മേൽപ്പറഞ്ഞ യോഗ്യതകൾക്ക് പുറമെ വാചാ പരീക്ഷയ്ക്കു 100 മാർക്ക് വരെ കൊടുക്കാൻ വ്യവസ്ഥയുണ്ട്. സ്വകാര്യ സ്കൂളുകളിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ സ്കൂൾ പ്രിൻസിപ്പാൾ ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ട്, ചീഫ് മെഡിക്കൽ ആഫീസർ, ആശുപത്രി മാനേജുമെൻറിൻെറ ഒരു പ്രതിനിധി, കേരള നഴ്സിംഗ് കൗൺസിലിൻെറ ഒരു നോമിനി എന്നിവർ ഉണ്ടായിരിക്കും.

സ്വകാര്യ നഴ്സിംഗ് സ്കൂൾ നടത്തിപ്പിന് സർക്കാരിൽനിന്നും സാമ്പത്തിക സഹായം നൽകാത്തതിനാൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ സംവരണതത്വം പാലിക്കുന്നില്ല.

(സി) 1200-ഓളം വിദ്യാർത്ഥികൾ ഈ സ്ഥാപനങ്ങളിൽ നിന്നെല്ലാമായി പാസ്സായി വരുന്നുണ്ട്.

(ഡി) 1984-നുശേഷം സ്വകാര്യ മേഖലയിൽ നഴ്സിംഗ് സ്കൂളുകൾ അനുവദിച്ചിട്ടില്ല. സ്വകാര്യ മേഖലയിൽ ഇനിയും പുതിയ നഴ്സിംഗ് സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്നാണ് നഴ്സിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly